# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. 187 - 04/05/2017 - ലെ മറുപടിക്ക്

### സ്വകാര്യ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനുള്ള നയം

**ചോദ്യം**

ശ്രീ. പാറക്കൽ അബ്ദുല്ല
ശ്രീ. എം. ഉമ്മർ
ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്
ശ്രീ. എൻ.എ.നെല്ലിക്കുന്ന്

**ഉത്തരം**

ഡോ. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ സ്വകാര്യ നിക്ഷേപം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച നയം വ്യക്തമാക്കുമോ; | പുതിയ വളർച്ചാവ്യവസായ മേഖലകളിലേയ്ക്ക് കൂടുതൽ സ്വകാര്യ മൂലധന നിക്ഷേപം ആകർഷിക്കുന്നതിനായി അടിസ്ഥാന സൗകര്യ വികസനത്തിന് കൂടുതൽ ഊന്നൽ നൽകുക എന്നുള്ളതാണ് ഈ സർക്കാരിന്റെ നയം. ഇതിലൂടെ ഏറ്റവും ആധുനികവും മികവേറിയതുമായ പശ്ചാത്തല സൗകര്യങ്ങൾ കേരളത്തിന് ഉറപ്പു വരുത്തുവാൻ കഴിയും. അടിസ്ഥാന സൗകര്യ വികസനം, വ്യവസായം, വിനോദസഞ്ചാരം, വിവര സാങ്കേതികവിദ്യ വ്യവസായങ്ങൾ, പ്രവാസി എന്നീ മേഖലകളിലൂടെ സ്വകാര്യ നിക്ഷേപം വർദ്ധിപ്പിക്കാനാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്. |
| ബി | സ്വകാര്യ നിക്ഷേപത്തിലുള്ള വർദ്ധനവ് ലക്ഷ്യമിട്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരം നൽകാമോ; | പൊതു സ്വകാര്യ പങ്കാളിത്തത്തോടെ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br>1. വിഴിഞ്ഞം അന്താരാഷ്ട്ര കപ്പൽ ഗതാഗത ടെർമിനൽ വികസനം നടപ്പിലാക്കുന്നതിനുള്ള ആകെ പദ്ധതി തുക 6770 കോടിയാണ്. ഇതിൽ 4089 കോടി രൂപ സ്വകാര്യ നിക്ഷേപമാണ്. അധികം തുക ആവശ്യമായി വരുന്ന പക്ഷം മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതി എന്ന ശീർഷകത്തിൽ നിന്നും പിൻവലിച്ച് വിനിയോഗിക്കാവുന്നതാണ്.<br>2. പൊന്നാനി തുറമുഖ വികസനത്തിന് ആകെ പദ്ധതി തുകയായ 763 കോടി രൂപയും സ്വകാര്യ നിക്ഷേപമാണ്. സർക്കാർ വിഹിതമായി പദ്ധതിയ്ക്കാവശ്യമായ ഭൂമി നൽകുന്നു. |

| | | |
|---|---|---|
| | | 3. കണ്ണൂർ വിമാനത്താവളത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി (എം.ഐ.ഡി.പി) 987 കോടി രൂപയുടെ പദ്ധതി തുകയിൽ 300 കോടി രൂപ സ്വകാര്യ നിക്ഷേപമാണ്.<br>4. പി.പി.പി. (ആന്യൂറ്റി) റോഡ് പരിപാലന പദ്ധതി - 700 ലക്ഷം രൂപ.<br>5. പി.പി.പി. മോഡൽ വ്യവസായ പാർക്ക്/ പ്രാദേശികം / എസ്റ്റേറ്റ് വികസനം - 200 ലക്ഷം രൂപ.<br>6. ഇന്നോവേറ്റീവ് അന്താരാഷ്ട്ര ഫർണിച്ചർ ഹബ് നിർമ്മാണത്തിനായി ആകെ പദ്ധതി തുകയായ 8615 കോടി രൂപയിൽ 2128 കോടി രൂപ സ്വകാര്യ നിക്ഷേപമാണ്.' |
| സി | പൊതുനിക്ഷേപത്തോടൊപ്പം പൊതുവരുമാന സ്ഥിരത നില നിർത്തുന്നതും സ്വകാര്യ നിക്ഷേ പവുമായുള്ള അതിന്റെ സന്തുലനം നിലനിർത്തുന്നതും ആവശ്യ മാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ അതിനായി സ്വീകരിക്കുന്ന മുൻകരുതലുകൾ എന്തെല്ലാ മാണെന്ന് വിശദമാക്കുമോ? | അതിവേഗം വളരുന്ന സമ്പദ്‌വ്യവസ്ഥയ്ക്ക് അടിസ്ഥാന സൗകര്യ വികസന മേഖലയിൽ വൻകിട നിക്ഷേപം ആവശ്യമാണ്. എന്നാൽ ഇത് പൊതു നിക്ഷേപത്തിലൂടെ മാത്രം കണ്ടെത്താൻ സാധിക്കുകയില്ല. ആയതിനാൽ ഈ മേഖലയിലേയ്ക്ക് സ്വകാര്യ നിക്ഷേപത്തെ പ്രോത്സാഹിപ്പി ക്കേണ്ടതുണ്ട്. പൊതു നിക്ഷേപത്തിലൂടെയുള്ള പൊതുവരുമാന സ്ഥിരത നിലനിർത്തുന്നതോടൊപ്പം സ്വകാര്യ നിക്ഷേപവുമായുള്ള അതിന്റെ സന്തുലനം നിലനിർത്തുന്നതിനായി ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ സാമൂഹ്യ മേഖലകളിൽ പൊതുനിക്ഷേപത്തിന്റെ പ്രാധാന്യം നിലനിർത്തി ക്കൊണ്ട് അടിസ്ഥാന സൗകര്യ വികസനം പോലുള്ള നിയന്ത്രിത മേഖലകളിൽ സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുക എന്നുള്ളതാണ് അനിവാര്യമായി ട്ടുള്ളത്. |

Sreekumar K

**സെക്ഷൻ ഓഫീസർ**